**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2321** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഹാർബർ നിർമ്മാണത്തിലെ അപാകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഹാർബർ നിർമ്മാണത്തിലെ അപാകതകൾ കാരണം മുതലപ്പൊഴി ഉൾപ്പെടെയുള്ള അഴിമുഖങ്ങളിൽ മണൽതിട്ടകൾ രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മണൽതിട്ടകൾ യഥാസമയം ഡ്രഡ്ജ് ചെയ്ത് നീക്കാത്തതിനാൽ അവ മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരം തടസ്സപ്പെടുത്തുന്നത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. മെസ്സേഴ്സ് അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ആവശ്യമായ പാറ കൊണ്ടുപോകുന്നതിനായി മുതലപ്പൊഴിയിൽ ലോഡ്ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി ഉണ്ടാക്കിയ ധാരണാ പത്രം പ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ പ്രവേശന കവാടം, അപ്രോച്ച് ചാനൽ, എന്നിവിടങ്ങളിൽ അഞ്ച് മീറ്ററും, ഹാർബർ ബേസിനിൽ മൂന്ന് മീറ്ററും ആഴം വരത്തക്ക വിധത്തിൽ മെസ്സേഴ്സ് അദാനി പോർട്ട്സ് മുഖേന ഡ്രഡ്ജിംഗ് നടത്തി ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | തീരപ്രദേശത്ത് അശാസ്ത്രീയമായ രീതിയിൽ നിർമ്മാണം നടത്തിയതിന്റെ ഫലമായി തീരശോഷണം ഉൾപ്പെടെയുള്ള വിവിധ പ്രതിസന്ധികൾ നേരിടുന്ന തുറമുഖങ്ങളിലെ പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിച്ച് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചെന്നൈ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തെക്കേ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് തീരശോഷണം നടക്കുന്ന വടക്ക് ഭാഗത്ത് സാൻഡ് ബൈപ്പാസിങ്ങ് നടത്തി നിക്ഷേപിക്കുന്നതിന് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ